## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3039

21.06.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ

**ചോദ്യം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
" റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. പി. സി. ജോർജ്:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഘടന മാറ്റുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും: പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ന്യൂനപക്ഷ കേന്ദ്രീകൃത പിന്നോക്ക ജില്ലകൾ കേന്ദ്രീകരിച്ച് നടത്തിയിരുന്ന എം.എസ്.ഡി.പി പദ്ധതി പന്ത്രണ്ടാം പദ്ധതിക്കാലത്ത് ബ്ലോക്കുകൾ (MCBs) കേന്ദ്രീകരിച്ച് നടത്തുന്നതിനാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അർഹതപ്പെട്ട നഗര പ്രദേശങ്ങളിലേക്കും ന്യൂനപക്ഷ കേന്ദ്രീകൃത ഗ്രാമങ്ങളിലേക്കും കൂടി വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. വികസന പ്രവർത്തനങ്ങൾ ഏറ്റവും താഴേത്തട്ടിലേക്കെത്തിക്കുകയാണ് ഘടനമാറ്റം കൊണ്ട് ലക്ഷ്യമിടുന്നത്. എം.എസ്.ഡി.പി പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിൽ നിന്നും 50 ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി അയക്കുകയും ആദ്യഘട്ടത്തിൽ വയനാട്ടു ജില്ലയിലെ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, പനമരം ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുത്ത ബ്ലോക്കുകൾക്ക്/ടൗണുകൾക്ക് പത്തുകോടി രൂപയുടെ വീതം പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് തയ്യാറാക്കിയ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്കേ പദ്ധതികൾ നടപ്പാക്കി തുടങ്ങുകയുള്ളൂ. കൂടാതെ ഓരോ ജില്ലയിൽ നിന്നും ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകളെ തെരഞ്ഞെടുത്ത് സർക്കാരിന് സമർപ്പിക്കാൻ എല്ലാ ജില്ലാകളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ